اتّحاد الأولاد السنّيّين لعموم كيرالا

# SAMASTHA KERALA SUNNI BALA VEDI

(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)

സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987

website : www.sksbvstate.com, Email: sksbvstate@gmail.com

**SKSBV** Circular No/04/2025-2026
29-05-2025

**ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് സുന്നി ബാലവേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.**

മാന്യരേ, السّلام عليكم

## <u>പരിസ്ഥിതി ദിനാചരണ കാമ്പയിൻ</u> (ജൂൺ 5 – 15)

ജൂൺ 05 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് "ഭൂമിക്ക് ഒരു തണൽ ഭാവിക്ക് ഒരു കരുതൽ" എന്ന പ്രമേയത്തിൽ സംസ്ഥാന കമ്മിറ്റി 2025 ജൂൺ 5 മുതൽ 15 വരെ പരിസ്ഥിതി ദിനാചരണം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയുടെ ഭാഗമായി യൂണിറ്റ് തലങ്ങളിൽ താഴെ പറയും പ്രകാരം പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

1. ജൂൺ 5 ന് വിദ്യാർത്ഥികളുടെ വീടുകളിൽ വൃക്ഷത്തൈ നടൽ
2. മദ്റസകളിൽ ഒരു പൂന്തോട്ടം നിർമ്മിക്കുക.
3. പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കുക.

*** യൂണിറ്റ്, റൈഞ്ച്, ജില്ലാ തല ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കുക.**

NB: വൃക്ഷത്തൈകൾ മദ്റസയിലെ മുതിർന്ന വിദ്യാർത്ഥികളുടെ വീടുകളിൽ നിന്ന് കൊണ്ട് വരുന്ന രീതി ഉപയോഗപ്പെടുത്താം.

# <u>പെരുന്നാൾ പൊലിവ്</u>

ബലി പെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി യൂണിറ്റ് തലങ്ങളിൽ താഴെ പറയുന്ന പരിപാടികൾ സംഘടിപ്പിക്കണമെന്ന് അറിയിക്കുന്നു.

1 .പെരുന്നാൾ മധുരം
പള്ളി, മദ്റസ പരിസരങ്ങളിൽ സുന്നി ബാല വേദിയുടെ നേതൃത്വത്തിൽ മധുരം വിതരണം ചെയ്യുക.

2. തക്ബീർ ജൽസ
ബലി പെരുന്നാൾ രാവിൽ യൂണിറ്റ് ഭാരവാഹികളും മറ്റും മഗ്‌രിബ് നിസ്കാരാനന്തരം പള്ളിയിൽ സംഗമിച്ച് ഖത്തീബ് / ഇമാമിന്റെ അനുവാദത്തോടെ തക്ബീർ ജൽസ സംഘടിപ്പിക്കുക.

P.T.O

കുടുംബ വീടുകളിൽ സന്ദർശനം നടത്തിയും ആരാധനാ കർമ്മങ്ങൾ ആത്മാർത്ഥതയോടെ നിർവ്വഹിച്ചും ബലി പെരുന്നാൾ ആഘോഷിക്കാൻ നാഥൻ തൗഫീഖ് നൽകട്ടെ. ആമീൻ.

എന്ന്
ഹർഷാദ് കുറ്റിക്കടവ് (ഒപ്പ്)
ജനറൽ സെക്രട്ടറി
**SKSBV** സംസ്ഥാന കമ്മിറ്റി

SAMASTHALAYAM CHELARI
P.O
THENHIPPALAM
PIN :673 636
SKSBV

സമസ്താലയം
29/05/2025

**NB:** ഈ സർക്കുലർ ഫോട്ടോകോപ്പിയെടുത്ത് മദ്റസകളിലേക്ക് എത്തിക്കേണ്ടതാണ്.

---